**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4989** **11-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിരോധ വാക്സിനേഷൻ സംവിധാനത്തിലെ പോരായ്മകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. നജീബ് കാന്തപുരം | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ ഏർപ്പെടുത്തിയിരിക്കുന്ന കോവിഡ് പ്രതിരോധ വാക്സിനേഷൻ സംവിധാനം സാധാരണക്കാർക്ക് പ്രയോജനകരമല്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) | കോവിഡ്-19 ന്റെ ഫലപ്രദമായ പ്രതിരോധത്തിനായി അർഹരായ എല്ലാവർക്കും എത്രയും പെട്ടെന്ന് വാക്സിനേഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാവിധ പ്രവർത്തനങ്ങളും നടത്തി വരുന്ന സംസ്ഥാനമാണ് കേരളം. 04/08/2021 വരെ സംസ്ഥാനത്ത് 2,12,08,758 ഡോസ് വാക്സിൻ നൽകുകയുണ്ടായി. ഇതിൽ സാധാരണക്കാരും മുൻനിര പോരാളികളും മുതിർന്നവരും കിടപ്പുരോഗികളും ഗർഭിണികളും മുൻഗണനാടിസ്ഥാനത്തിൽ ഉള്ളവരും 18 വയസ്സിന് മുകളിൽ പ്രായമുള്ളവരും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | ഓൺലൈൻ വഴി രജിസ്റ്റർ ചെയ്തവർക്കെല്ലാം വാക്സിനേഷൻ ലഭിക്കാതിരിക്കുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. ഓൺലൈൻ മുഖാന്തിരം രജിസ്റ്റർ ചെയ്തവർക്ക് വാക്സിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്ലോട്ടുകൾ അനുവദിച്ച് വാക്സിനേഷൻ ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മാനദണ്ഡങ്ങൾ പാലിച്ച് എല്ലാവർക്കും വാക്സിനേഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | മാനദണ്ഡങ്ങൾ പാലിച്ച് എല്ലാവർക്കും വാക്സിൻ ലഭ്യമാക്കാൻ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വാക്സിന്റെ ലഭ്യത അനുസരിച്ച് ക്യാമ്പയിൻ സംഘടിപ്പിച്ച് എല്ലാവർക്കും വാക്സിൻ നൽകി വരുന്നു. |
| (ഡി) | കമ്പ്യൂട്ടർ, സ്മാർട്ട് ഫോൺ സൗകര്യമില്ലാത്തവർക്കും ഇന്റർനെറ്റ് സൗകര്യം ഇല്ലാത്തവർക്കും ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യുന്നതിന് എന്ത് ബദൽ സംവിധാനമാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നത്? | (ഡി) | കമ്പ്യൂട്ടർ, സ്മാർട്ട് ഫോൺ സൗകര്യമില്ലാത്തവർക്കും ഇന്റർനെറ്റ് സൗകര്യം ഇല്ലാത്തവർക്കും പ്രതിരോധ കുത്തിവയ്പ്പ് സംഘടിപ്പിക്കുന്നതിനായി സർക്കാർ "WAVE – Work Along For Vaccine Equity"എന്ന കാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിൻ വഴി ആശാവർക്കർമാരെ ഉപയോഗിച്ച് കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് വീടുകൾ സന്ദർശിച്ച് വാക്സിൻ രജിസ്ട്രേഷൻ ചെയ്യാനുള്ള സഹായം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ